# വചന വിചിന്തനം : മെയ് 31 ഞായർ, 2009

**യോഹ. 16: 5–15**

- പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

-യേശു നല്കുന്ന വാഗ്ദാനം - സഹായകനായ പരിശുദ്ധാത്മാവിനെ അയക്കും

- പരിശുദ്ധാത്മാവ് വന്ന് പാപത്തേയും, നീതിയേയും ന്യായവിധിയെയും കുറിച്ച് ബോധ്യപ്പെടുത്തും

- പരിശുദ്ധാത്മാവ് സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും.

- പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്നു. അതുകൊണ്ട് ഒരാളുടെ മഹത്വം എല്ലാവരുടേതുമാണ്.

**1 കൊറി. 12:1–11**

- പരിശുദ്ധാത്മാവിന്റെ ദാനങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

- വ്യത്യസ്തങ്ങളായ ദാനങ്ങൾ ഒരേ ആത്മാവിന്റെ പ്രവർത്തിയാണ്. ഒരു ദൈവമേയുള്ളു.

- ആത്മാവ് വെളിപ്പടുത്തുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്.

- യേശു കർത്താവാണെന്ന് ഏറ്റുപറയണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം വേണം.

**വിചിന്തനം**

പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിദ്ധ്യവും പ്രവർത്തനവും സൂചിപ്പിക്കുന്ന വചനഭാഗങ്ങളാണിത്. പന്തക്കുസ്ത തിരുനാൾ നാം ആചരിക്കുന്നു. ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തരായി ധീരപ്രേഷിതരായി മാറുന്നതിന്റെ ചിത്രം ഇവിടെ ദർശിക്കാം. പരിശുദ്ധാത്മാവ് വന്നു കഴിഞ്ഞപ്പോൾ അവരുടെ ജീവിതത്തിൽ അടിമുടി മാറ്റങ്ങൾ ഉണ്ടാകുന്നു. ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ തുടരുവാൻ അവർക്കു സാധിക്കുന്നു. ഭയാശങ്കകൾ വിട്ടകലുന്നു. ഉത്ഥാനത്തിന്റെ അനുഭവം സ്വന്തമാക്കി അവർ ധീരമായി പ്രഘോഷിക്കുന്നു. കൂടുതൽ വലിയ ഉൾക്കാഴ്ചകളിലേക്ക് ഉണർത്തപ്പെടുന്നത് പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോഴാണ്. (ഉദാ. സത്യം, നീതി, പാപം, ന്യായവിധി etc. )ദൈവത്തിൽ നിന്ന് സ്വീകരിക്കുന്ന ദാനങ്ങൾ പങ്കുവയ്ക്കുവാനുള്ള കടമ നമുക്കുണ്ട്. അപ്പോൾ ദൈവമാണ് മഹത്വപ്പെടേണ്ടത്. അല്ലാതെ വ്യക്തികളല്ല– പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ പൊതുനന്മയ്ക്കുതകുന്നതാണെന്നുള്ള സത്യം തിരിച്ചറിഞ്ഞ് വിവേചനാശക്തിയോടുകൂടി അവയെ സ്വീകരിക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. എല്ലാം ദൈവമഹത്വത്തിനായി ചെയ്യുവാൻ വിശ്വാസികൾക്കു കഴിയണം. പരിശുദ്ധാത്മാവ് സ്നേഹത്തിന്റെയും, ഭിന്നതയുടെയും ആത്മാവല്ല. കൂട്ടായ്മയുടെ വലിയ അനുഭവങ്ങളുമുണ്ടാകണമെങ്കിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതുണ്ട്.

**വ്യാഖ്യാനം**

ഇന്ന് ഒത്തിരിയേറെ സിദ്ധന്മാരെയും ആൾ ദൈവങ്ങളെയും നാം കാണുന്നുണ്ട്. സ്വന്തം നേട്ടത്തിനും, മഹത്വത്തിനുമായിട്ടാണ് അവർ ഓരോ കാര്യങ്ങളും ചെയ്യുക. പക്ഷേ, പരിശു

ദ്ധാത്മാവിനെ സ്വീകരിക്കുന്നവർ എല്ലാം ദൈവമഹത്വത്തിനായി ചെയ്യുന്നു. വ്യക്തമായ ഉൾക്കാഴ്ചകളോടെയാണ് അവർ കാര്യങ്ങളെ സമീപിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിക്കുക, ഒപ്പം ഫലങ്ങൾ ജീവിതത്തിലൂടെ പുറപ്പെടുവിക്കുക എന്നുള്ളത് ക്രിസ്തീയ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. ആത്മാവിന്റെ സാന്നിദ്ധ്യം ഒരുവനിലുണ്ടാക്കുന്ന മാറ്റം എത്ര വലുതാണെന്ന വ്യക്തമായ സൂചനയാണ് ഇന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. സത്യത്തോടുള്ള ഒരുവന്റെ ആഭിമുഖ്യം വർദ്ധിക്കുന്നതിന് ആത്മാവിന്റെ സാന്നിദ്ധ്യം ഹേതുവാകുന്നു. യേശുവിനെ കർത്താവായി ജീവിതത്തിൽ അംഗീകരിച്ച് ഏറ്റുപറയുക എന്നതാണല്ലോ വിശ്വാസത്തിന്റെ ഏറ്റവും വലിയ പ്രഘോഷണം. ഇത് സാധിക്കുന്നത് ആത്മാവിന്റെ പ്രേരണ കൊണ്ടാണ്. പരമസത്യമായ യേശുവിലേക്കുള്ള വളർച്ചയാണ് ക്രിസ്തീയ ജീവിതം. സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിലേക്ക് വളരുവാനുള്ള ശ്രമമാണ് ജീവിതത്തിലുടനീളം നടത്തേണ്ടത്. അതിനു നമ്മെ സഹായിക്കുന്നതും അനുദിനം വെളിച്ചം നല്കി വഴി നടത്തുന്നതും പരിശുദ്ധാത്മാവാണ്. ആത്മാവിന്റെ നിമന്ത്രണങ്ങൾക്കും, വെളിപാടുകൾക്കും കാതോർക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമായി നയിക്കുവാൻ സാധിക്കുന്നത്. പാപബോധം നമ്മിൽ വളർത്തുന്നതും പരിശുദ്ധാത്മാവാണ്. ന്യായവിധിയുടെയും നീതിയുടെയും യഥാർത്ഥശൈലി ദൈവത്തിന്റെ ശൈലിയാണ് എന്നും അത് സ്വായത്തമാക്കുവാൻ നാം പരിശ്രമിക്കണമെന്നും, പരിശീലിക്കണമെന്നും നമ്മെ ബോധ്യപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്. കാൽവരികുരിശിൽ കുറ്റവാളിയെപ്പോലെ പിടഞ്ഞു മരിച്ചവനെ രക്ഷകനായി കാണാനും, മരണത്തിനപ്പുറമുള്ള ഉത്ഥാനത്തിൽ ദൃഷ്ടിപതിപ്പിച്ച്, അത് പ്രഘോഷിച്ച് ജീവിതം തന്നെ വലിയ ഒരു സാക്ഷ്യമാക്കി മാറ്റാനും നമ്മെഓരോരുത്തരെയും പ്രാപ്തരാക്കുന്നതും പരിശുദ്ധാത്മാവാണ്. ഈ പന്തക്കുസ്താ തിരുനാളിൽ, ശ്ലീഹരെപ്പോലെ പരിശുദ്ധാത്മ ചൈതന്യത്താൽ നിറഞ്ഞ് അതു മറ്റുള്ളവർക്കു പങ്കുവച്ചുകൊടുക്കാൻ, ജീവിതം അർത്ഥപൂർണ്ണവും, സന്തോഷപ്രദവുമാക്കാൻ നമുക്ക് തീവ്രമായി ആഗ്രഹിച്ച് പ്രാർത്ഥിക്കാം.

**ഫാ. സ്ക്കറിയ ഉറുമ്പിൽ**